പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1511 07.06.2018 ൽ മറുപടിയ്ക്ക്

ചോദ്യം
ശ്രീ. എസ്.ശർമ്മ

മറുപടി
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പുമന്ത്രി)

പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കൽ

| | | |
|---|---|---|
| (എ) | എളങ്കുന്നപ്പുഴ വില്ലേജിലെ സർവ്വേ നമ്പർ 1404(റീസർവ്വേ 595)-ൽ ഉൾപ്പെട്ട 2 ഏക്കർ 84 സെന്റ് ഭൂമി സർക്കാർ പാട്ടത്തിനു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതുവർഷമെന്നും, ആർക്കെന്നും, എത്ര കാലത്തേക്കെന്നും വിശദമാക്കാമോ; | (എ) 28/05/1976 ലെ ജി.ഒ.എം.എസ് 730/76/RD നമ്പർ ഉത്തരവ് പ്രകാരം എളങ്കുന്നപ്പുഴ വില്ലേജ് സർവ്വെ നമ്പർ 1404 (Resurvey 595) ൽ പ്പെട്ട 2 ഏക്കർ 84 സെന്റ് സർക്കാർ ഭൂമി ഓച്ചംതുരുത്ത് സാന്താക്രൂസ് ഹൈസ്കൂളിന് കളിസ്ഥലമായി ഉപയോഗിക്കുന്നതിന് 01/07/1975 മുതൽ 10 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ചിരുന്നതായി കാണുന്നു. |
| (ബി) | പാട്ടക്കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിൽ ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | (ബി) പാട്ടക്കാലാവധി കഴിഞ്ഞതിനുശേഷം ഭൂമി പതിച്ച് ലഭിക്കുന്നതിന് സ്കൂൾ അധികൃതർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ പാട്ടഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | പാട്ടക്കാലാവധിക്കു ശേഷവും സർക്കാർ പാട്ടം കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര തവണയെന്നും, ഏതു കാലയളവിലെന്നും, കൈപ്പറ്റിയ ഉദ്യോഗസ്ഥൻ ആരെന്നും വ്യക്തമാക്കാമോ; | (സി) ഉണ്ട്. 2017-18 വരെയുള്ള പാട്ടം സ്കൂൾ അധികൃതർ ഒടുക്കുവരുത്തിയിട്ടുള്ളതാണ്. എളങ്കുന്നപ്പുഴ വില്ലേജ് ഓഫീസിലാണ് പാട്ടത്തുക ഒടുക്കുന്നത്. |
| (ഡി) | പാട്ടക്കാലാവധിക്കു ശേഷവും പാട്ടം സ്വീകരിച്ച നടപടി നിയമവിധേയമാണോയെന്ന് വ്യക്തമാക്കാമോ? | (ഡി) പാട്ടഭൂമി കൈവശം വച്ചനുഭവിക്കുന്ന കാലയളവിലെ പാട്ടത്തുക ഒടുക്കുവാൻ കൈവശക്കാരൻ ബാധ്യസ്ഥനാണ്. |

സെക്ഷൻ ഓഫീസർ